LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ജില്ലയിലെ വിവിധ താലൂക്കുകളിൽ റവന്യൂ അദാലത്ത് വഴി പരിഹരിച്ച പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

താലൂക്ക്	ആകെ പരിഹരിച്ച പരാതികളുടെ എണ്ണം
കോട്ടയം	1320
മീനച്ചിൽ	1691
വൈക്കം	1432
ചങ്ങനാശ്ശേരി	1381
കാഞ്ഞിരപ്പള്ളി	1284

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 2-11-2012-ന് പ്രീ റവന്യൂ അദാലത്തും, 6-2-2015-ന് റവന്യൂ സർവ്വേ അദാലത്തും നടത്തുകയുണ്ടായി.

(സി) തുടർന്നുള്ള റവന്യൂ അദാലത്തുകൾ നടത്തുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

ആലപ്പുഴ ജില്ലയിൽ അനുവദിച്ച റോഡുകൾ

130(3009) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് കിലോമീറ്ററിന് എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു*

(ബി) ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു*

(സി) ലിസ്റ്റ് അനുബന്ധം III ആയി ചേർക്കുന്നു*

(ഡി) സാധാരണ റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും പുനരുദ്ധാരണത്തിന് Ordinary Repair (OR)-ന്റെയും Periodical Repair (PR)-ന്റെയും തുകയുടെ 15% വരെയും മലമ്പ്രദേശങ്ങളിൽ OR-ന്റെയും PR-ന്റെയും 20% വരെയുമാണ് അനുവദിക്കുന്നത്. OR-ഉം PR-ഉം ലഭ്യമല്ലാത്ത കേസുകളിൽ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ പാതകളുടെയും പുനരുദ്ധാരണത്തിന് കിലോമീറ്ററിന് 1 ലക്ഷം രൂപ നിരക്കിലും ഗ്രാമീണ റോഡുകൾക്ക് 60,000 രൂപ നിരക്കിലും ആണ് നിലവിൽ അനുവദിക്കുന്നത്.

(ഇ) 1-4-2015 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുള്ള തുകയാണ് നിലവിൽ അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന തുകയാണ് അനുവദിച്ചുവരുന്നത്.

മഴയിലും വെള്ളപ്പൊക്കത്തിലും തകർന്ന വീടുകൾ

131(3010) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ പലതവണയുണ്ടായ കനത്തമഴയിലും വെള്ളപ്പൊക്കത്തിലും വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ പൂർണ്ണമായും എത്ര വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്, എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട് എന്നീ കണക്കുകൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ച എത്രപേർക്ക് നഷ്ടപരിഹാരം നല്കി; ഓരോരുത്തർക്കും നല്കിയ നഷ്ടപരിഹാരത്തുക എത്രയാണെന്നുമുള്ള വിശദവിവരങ്ങൾ നല്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 8 വീടുകൾ പൂർണ്ണമായും 543 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. 4,86,200 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ബി) ഭവന നാശം സംഭവിച്ച 104 പേർക്ക് ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആശ്വാസ ധനസഹായം അനുവദിച്ചവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 2015-ലെ കൃഷി നാശത്തിന് ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly